ചികിത്സ ലഭിക്കാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി

124 (2255) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീപ്പൊള്ളലേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിൽ അത്യാസന്ന നിലയിൽ പ്രവേശിപ്പിക്കപ്പെട്ട രണ്ടുപേർ മരുന്നു ലഭ്യമാകാതെ മരണമടയാൻ ഇടയായ സംഭവം വേണ്ടത്ര ഗൗരവത്തിൽ കണ്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാർക്ക് തുണയാകേണ്ട മെഡിക്കൽ കോളേജിൽ ജീവൻരക്ഷാ മരുന്നുകൾപോലും ലഭ്യമാകാതിരിക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) അവിടെ ചർച്ചേസ് കമ്മറ്റി നിലവിലുണ്ടോ ; ഇല്ലെങ്കിൽ പുതിയ കമ്മിറ്റിക്ക് രൂപം നൽകാൻ കാലതാമസം നേരിട്ടതെന്തുകൊണ്ട് ;

(ഡി) മെഡിക്കൽ കോളേജിലേക്കാവശ്യമായ ഔഷധങ്ങളുടെ ലിസ്റ്റ് ഡി.പി.സി.-ക്ക് എന്നാണ് ലഭിച്ചത് ;

(ഇ) ലിസ്റ്റിന് അംഗീകാരം ലഭിക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസമുണ്ടാകുന്ന ഘട്ടങ്ങളിൽ ലോക്കൽപർച്ചേസ് വഴി ഔഷധങ്ങൾ ലഭ്യമാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ് ;

(ജി) ഈ കാര്യത്തിൽ വീഴ്ച വരുത്തിയവർ ആരാണ് ; ഇവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) ചികിത്സ ലഭിക്കാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ഇത്തരമൊരു സംഭവം ഉണ്ടായിട്ടില്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യം നിലവിലില്ല.

(സി) ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങാൻ പർച്ചേസ് കമ്മിറ്റി 1984 മുതൽ നിലവിലുണ്ട്.

(ഡി) മെഡിക്കൽ കോളേജിലേക്കാവശ്യമായ മരുന്നുകൾ ആശുപത്രി സൂപ്രണ്ടും പ്രിൻസിപ്പാളും നേരിട്ടാണ് സിപിസി തെരഞ്ഞെടുത്ത കമ്പനികളിൽ നിന്നും വാങ്ങുന്നത്. മരുന്നുകളുടെ ലിസ്റ്റ് സി.പി.സി.-ക്ക് നൽകാറില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്&ജി) ലോക്കൽ പർച്ചേസ് വഴി ഔഷധങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(എച്ച്) 'എ' വിഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അദ്ധ്യാപകർക്കായി നിക്കിവച്ച പേ വാർഡുകൾ നിർത്തലാക്കുന്നതിന് നടപടി

125 (2257) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ അദ്ധ്യാപക പേവാർഡുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അദ്ധ്യാപകർക്കായി നീക്കിവച്ച പ്രസ്തുത പേവാർഡ് മുറികൾ പണിതത് എന്നായിരുന്നു ;

(സി) ഇതിനുള്ള പണം സ്വരൂപിച്ചത് എങ്ങനെയായിരുന്നു എന്നു വ്യക്തമാക്കാമോ ;

(ഡി) അദ്ധ്യാപകർക്കായി നീക്കിവച്ച പ്രസ്തുത പേവാർഡുകൾ നിർത്തലാക്കുന്നതിന് ആലോചനയുണ്ടോ ;

(ഇ) എങ്കിൽ ഈ നീക്കത്തിൽ നിന്നും പിൻമാറുമോ ?

ഉത്തരം

(എ) പത്ത് എണ്ണം.

(ബി) 1979-1980-ൽ

(സി) ടീച്ചേഴ്സ് സാനിറ്റോറിയമാണ് പണം ശേഖരിച്ചത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി

126 (2258) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിൽ മാലിന്യം കുന്നുകൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാലിന്യങ്ങൾ നീക്കം ചെയ്തിട്ട് എത്ര കാലമായി ;

(സി) ഈ മാലിന്യം നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly